ഉത്തരം.

(എ) വെൽഫെയർ ആഫീസേഴ്സ് റിക്രൂട്ടുമെന്റ് ആൻഡ് കണ്ഡിഷൻസ് ആഫ് സർവ്വീസ് റൂൾസ് എഴ്ഫാക്ടറികളിൽ നടപ്പിലാക്കിയിട്ടുണ്ട്. ഫാക്ടറികളുടെ ലിസ്റ്റ് † അനുബന്ധം എ ആയി ചേർത്തിട്ടുണ്ട്.

(ബി) പ്രൈവറ്റ് സെക്ടറിലും പബ്ലിക്ക് സെക്ടറിലും ഉള്ള ഫാക്ടറികളുടെ ലിസ്റ്റ് യഥാക്രമം ബി. സി. † അനുബന്ധങ്ങളിലായി ചേർത്തിട്ടുണ്ട്; വെൽഫെയർ ആഫീസറന്മാരെ നിയമിക്കാത്ത മാനേജ്മെന്റുകളുടെ പേരിൽ നടപടി നടത്തിയിട്ടില്ല. നടപടി നടത്തുന്നതിനാവശ്യമായ വസ്തുതകൾ ശേഖരിച്ചുകൊണ്ടിരിക്കുകയാണ്.

കഥാപ്രസംഗ കോളേജും കഥകളി പരിശീലനവും.

165. (39) ശ്രീ. കെ. പി. ഹോർമിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഥാപ്രസംഗ കോളേജിനെപ്പറ്റി കുന്നത്തുനാട്–ചാലക്കുടി, പ്രോജക്ടിനു ഒരു സ്കീം ലഭിച്ചിട്ടുണ്ടോ; അതിന്മേൽ എന്തു നടപടി നടത്തി;

(ബി) വല്ല വിവരവും ഈ രണ്ടു വർഷമായിട്ടും പദ്ധതിനൽകിയ ആളെ അറിയിച്ചിട്ടുണ്ടോ;

(സി) കഥകളി പരിശീലിപ്പിക്കാൻ നൽകിയ പദ്ധതിക്കു് എന്തു നടപടിയുണ്ടായി?

ഉത്തരം

(എ) ഉണ്ടു്. പദ്ധതിയിൽ വിഭാവനചെയ്തിട്ടുള്ള സ്ഥാപനം കൊണ്ടു് കാര്യമായ പ്രയോജനമുണ്ടാകുമെന്നു് ഗവണ്മെന്റിനു് ബോദ്ധ്യമാകാത്തതിനാൽ ഗവണ്മെന്റു് ആ പദ്ധതി സ്വീകരിക്കുകയുണ്ടായില്ല.

(ബി) ശ്രീ. കൈമാപ്പറമ്പൻ തന്റെ പദ്ധതി ഔപചാരികമായി സമർപ്പിച്ചതു് കുന്നത്തുനാട്–ചാലക്കുടി പ്രോജക്ടു് ആഫീസർക്കാണു്. ഗവണ്മെന്റിന്റെ തീരുമാനം പ്രോജക്ടു് ആഫീസറെ അറിയിച്ചിട്ടുണ്ടു്.

(സി) ഒരു സംഘടനയായി രജിസ്റ്റർ ചെയ്യുക, അതുകൊണ്ടു വേണ്ടി വരുന്ന മൂലധനത്തിന്റെ (12,000 രൂപയുടെ) നേർപകുതി ആ സംഘടനതന്നെ ഉണ്ടാക്കുക എന്നീ വ്യവസ്ഥകൾക്കു വിധേയമായി 5000 (അയ്യായിരം) രൂപാ ഗ്രാന്റു് നൽകുന്നതിനു് അനുവദിച്ചു.

Causeway at Mangaud Crossing.

166 [42] SHRI R. PONNAPPA NADAR: Will the Chief Minister be pleased to state:

(*a*) When was the causeway at Mangaud crossing sanctioned under Neyyattinkara-Vilavancode Community Project;

(*b*) whether tenders were invited and the work arranged;

† Placed in the Library

LIBRARY ARCHIVES Kerala Legislative Assembly

(*c*) will the Government be pleased to execute the work considering its importance?

Answer.

(*a*) Sanction was accorded for the construction of the cause way across the Kuzhithura river at Mangaud Kadavu in Arudesom Pakuthy on 28-3-1955.

(*b*) Tenders were invited and the work has been arranged.

(*c*) Yes.

മണിമല ഫാറസ്റ്റ് റെയിഞ്ചിൽ വന്യമൃഗസങ്കേതത്തിനായി ഉദ്ദേശിച്ച ഭൂമി.

167. [43] ശ്രീ. ഇടിക്കള ഇടിക്കള : തഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) മണിമല ഫാറസ്റ്റ് റെയിഞ്ചിൽ പമ്പാനദിയുടെ തീരത്തായി വന്യമൃഗസങ്കേതത്തിനായി ഉദ്ദേശിച്ച് എത്ര ഏക്കർ ഭൂമി അളന്നു തിരിച്ചിട്ടുണ്ട് ;

(ബി) അവിടെ എത്ര വീട്ടുകാർ താമസമുണ്ടായിരുന്നു ;

(സി) അതിൽ എത്ര ആളുകൾക്ക് പകരം മറ്റു സ്ഥലം കൊടുത്തു ;

(ഡി) ബാക്കിയുള്ളവർക്ക് പകരം സ്ഥലം കിട്ടണം എന്നു കാണിച്ച് അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ ;

(ഈ) അപേക്ഷകൾ ലഭിച്ചിട്ടുണ്ടെങ്കിൽ അവയെപ്പറ്റി എന്തു തീരുമാനം ചെയ്തു ;

(എഫ്) റാന്നിയിലെ Tract III യിലെ രാജകീയ വൃക്ഷങ്ങൾ കുടികൾക്ക് വിട്ടുകൊടുക്കുന്നതു നെപ്പറ്റി ബഹുമാനപ്പെട്ട ഗവണ്മെൻറ് ആലോചിച്ചിട്ടുണ്ടോ ;

(ജി) അതിനെപ്പറ്റി എന്തു തീരുമാനം ചെയ്തു?

ഉത്തരം.

(എ) ഉദ്ദേശം (572) ഏക്കർ.

(ബി) 286 വീട്ടുകാർ താമസമുണ്ട്.

(സി) 162 ആളുകൾക്ക് പകരം സ്ഥലം കൊടുത്തു

(ഡി) ഉണ്ട്.

(ഈ) അപേക്ഷകൾ പരിശോധിച്ചു നടപടി എടുക്കുന്നുണ്ട്.

(എഫ്) ഇല്ല.

(ജി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly